ആക്ഷേപങ്ങളും പ്രത്യുത്തരങ്ങളും

മൂന്നാംഭാഗം.

അഥവാ

# മി: ഐ. സി. ചാക്കോയുടെ

രണ്ടാമത്തെ

# രംഗപ്രവേശം.

കെ. എൻ. ഡാനിയൽ.

വില അണ രണ്ടു്.

*Printed at the National Printing House, Tiruvalla.*

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY of INDIA

# മുഖവുര

ഈ മാസം ൨൨-ാംനു- ശനിയാഴ്ച ഉച്ചയ്ക്കാണു് മി: ചാക്കോയുടെ ലഘുലേഖ എനിക്കു കിട്ടിയതു്. ഒന്നര ദിവസം കൊണ്ടു മറുപടി എഴുതി തീൎന്നു. അച്ചടിക്കുന്നതിനു മൂന്നു ദിവസം വേണ്ടി വന്നു.

തിരുവല്ലാ
26മിഥുനം 1104 } കെ. എൻ. ഡാനിയൽ.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY of INDIA

# മി: ഐ. സി. ചാക്കോയുടെ

## രണ്ടാമത്തെ

# രംഗപ്രവേശം.

## പ്രസ്താവന.

ഒന്നരക്കൊല്ലം മുമ്പു ഞാൻ പ്രസിദ്ധീകരിച്ച പുസ്തകത്തിൽ നിന്ന് ഇഷ്ടാനുസരണം ചില സംഗതികൾ എടുത്തു ഫാദർ മണ്ണഞ്ചേരി, ഫാദർമേനാച്ചേരി ബി.ഏ, ഫാദർറോമയോസ്, ബി.എ.എൽ. ററി. മെസ്സേഴ്സ് ഐ. സി. ചാക്കൊ ബി.എ.ബി.എസ്സി,എൻ.സി. ജോസഫ് ബി.എ.ബി.എൽ. മുതലായവർ വിമൎശനങ്ങൾ എഴുതി. എല്ലാവരും ഒരുപോലെ എൻെറ ഓരോമറുപടിയും വാങ്ങിച്ചുകൊണ്ടു അന്തൎദ്ധാനം ചെയ്തു. ഫാദർ നടുവത്തുശേരി പതിനൊന്ന് ആക്ഷേപങ്ങൾ എഴുതി എല്ലാററിനും ഞാൻ ഉടൻ മറുപടി കൊടുത്തു. എന്നാൽ അതിൽ ഒന്നിനെപ്പററി അദ്ദേഹം കുറേ വാദം നടത്തി. ആറു മാസത്തിൻെറ ശേഷം ആ ഒരു സംഗതിയേപ്പററി താൻ പുറപ്പെടുവിച്ച വാദം നിലനിറുത്താൻ കഴിയുന്നതല്ലെന്നു കാൺകയാൽ അദ്ദേഹം ആ വാദം പിൻവലിക്കയും അതിൻെറ സ്ഥാനത്തു ഒരു പുതിയ വാദം പുറപ്പെടുവിക്കയും ചെയ്തു. അതിനും ഞാൻ ഉടൻ മറുപടി കൊടുത്തു. കന്നി ൧൦-ാംനു- കൊടുത്ത മറുപടിക്കു ഒരു മറുപടിയും പുറത്തു വിടുന്നതിനു ഇപ്പോൾ പത്തു മാസം തികയാറായിട്ടും ഫാദർ നടുവത്തുശേരിക്കു കഴിഞ്ഞിട്ടില്ല. നവഭാരതിയുടെ ഒരു ലക്കത്തിൽ പ്രസിദ്ധപ്പെടുത്തിയ ഉപന്യാസത്തിനു മറുപടി പറവാൻ ഇതുവരയും അദ്ദേഹത്തിനു കഴിയാഞ്ഞ സ്ഥിതിക്കു മറുപടി ഒന്നുമില്ലെന്നു നിശ്ചയം. ഒടുവിൽ ഫാദർ നടുവത്തുശേരി വിദ്വാനായ ഒരു യൂറോപ്പ്യൻ പ്രൊഫസ്സറെ മുമ്പോട്ടു തള്ളിവിട്ടു. അദ്ദേഹം കുറേ എഴുതി. അതിനുമ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA



റുപടിയായി Jerome and the Pope's Supremacy എന്ന അഭി ധാനത്തിൽ ഞാൻ ഒരു ലഘുപുസ്തകം പ്രസിദ്ധീകരിച്ചു. ഇതു പുറപ്പെട്ടിട്ട് ഇപ്പോൾ മൂന്നമാസത്തിൽ പരമായി. ഒരു മറുപടിയുമുണ്ടായില്ല.

എന്റെ പുസ്തകത്തിന്റെ പ്രത്യാഖ്യാനം ഒന്നാംഭാഗം നൂററമ്പതു പുറമുള്ളതു ഉടനെ പുറപ്പെടുമെന്നും വില ആറണ ആയിരിക്കുമെന്നും ഉടൻ അപേക്ഷിക്കണമെന്നും കഴിഞ്ഞ ഇടവമാസത്തിൽ ഫാദർ നടുവത്തുശേരി പരസ്യം ചെയ്തിരുന്നു. ഒരാണ്ടു കഴിഞ്ഞിട്ടും ഒന്നും കാണുന്നില്ല.

എത്രയും വിദ്വാന്മാരും സമർത്ഥന്മാരുമായ ഈ മാന്യന്മാർ ഇങ്ങനെ വിഷമിക്കുന്നതിന്റെ അത്ഥം എന്തു്? അവരുടെ നില ബലഹീനമാണെന്നല്ലയൊ?

"പാപ്പായുടെ ആധിപത്യം" എന്ന അഭിധാനത്തിൽ മി: ഐ. സി. ചാക്കൊ ഒരു ലഘുപത്രിക രണ്ടാമതായി പുറപ്പെടുവിച്ചിരിക്കുന്നു. ഇതിന്റെ ആദ്യഭാഗം ഇടവം ൧൦൭൭-യിലെ കേരളസന്ദേശത്തിൽ പ്രസിദ്ധീകരിച്ചിരുന്നതു ഞാൻ കണ്ടു. ഉടനെ ഞാൻ മി: ചാക്കോയിക്കു് ഒരു എഴുത്തയച്ചു. അതു താഴെ ചേക്കുന്നു.

എസ്. സി. സിമ്മനാരി
തിരുവല്ലാ
൧൮—൧൦—൧൯൦൨

Dear Sir,

ഇടവം ൧൦൭൭-യിലെ കേരളസന്ദേശത്തിൽ താങ്കൾ എഴുതിയിരിക്കുന്ന ഉപന്യാസം ഞാൻ കണ്ടു. അതിനു എനിക്കു പറവാനുള്ള മറുപടികൂടെ ആ പത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിനു നിങ്ങൾ ശുപാശിചേയ്യുമൊ? എന്റെ മറുപടി പ്രസിദ്ധീകരണത്തിനു മുമ്പു നിങ്ങൾക്കു് അയച്ചുതന്നാൽ അതിനുള്ള മറുപടി എഴുതിഅയച്ചുതരാമൊ? ഈ സംഗതികളെപററി ഉടനെ ഒരു മറുപടി അയച്ചുതരുന്നതിനു ദയവുണ്ടാകണമെന്നപേക്ഷിക്കുന്നു.

Yours sincerely,
K. N. Daniel (Sd.)

ഈ എഴുത്തിനു മി: ചാക്കൊ യാതൊരു മറുപടിയും തന്നില്ല. മുമ്പ് എന്റെ പ്രത്യാഖ്യാനത്തിനു മറുപടിയായി മി: ചാ

www.TheCMSIndia.org

ക്കൊ എഴുതിയ ലേഖനം നവഭാരതിയിൽ പ്രസിദ്ധപ്പെടുത്താഞ്ഞതിനു പത്രാധിപരെ ശകാരിച്ചു അദ്ദേഹം എഴുതുകയുണ്ടായി. എന്നാൽ ആ ലേഖനം മുഴുവൻ എന്റെ പുസ്തകത്തിൽ ഞാൻ ചേർത്തു. എന്റെ ലേഖനം ഒരു റോമൻകത്തോലിക്ക പത്രത്തിൽ ചേർക്കണമെന്നു ശുപാർശിചെയ്യാൻ തയ്യാറില്ലാത്ത മി: ചാക്കൊ അദ്ദേഹത്തിന്റെ ലേഖനം മാർത്തോമ്മാക്കാരുടെ പത്രത്തിൽ ചേർക്കാഞ്ഞതിനു ശകാരിക്കാൻ മുതിർന്നതിൽ അദ്ദേഹം പ്രദർശിപ്പിച്ചിരിക്കുന്ന മനഃസ്ഥിതി ശോചനീയമാണെന്നേ പറയുന്നുള്ളു.

ഞാൻ കേരളസന്ദേശം പത്രാധിപർക്ക് അയച്ച എഴുത്തു താഴെ ചേർക്കുന്നു.

എസ്. സി. സിമ്മനാരി
തിരുവല്ലാ.
12-12-1104

കേരളസന്ദേശം പത്രാധിപർ അവർകൾക്ക്
ചങ്ങനാശേരി.

Dear Sir,

ഇടവം 5-ാനു-യിലെ "സന്ദേശ"ത്തിൽ മി. ഐ. സി. ചാക്കോയുടെ ഒരു ഉപന്യാസം ഞാൻ വായിച്ചു. അദ്ദേഹം അതിനെ തുടർന്നു എഴുതാനിരിക്കുന്നതായിട്ടാണു തോന്നുന്നതു്. അദ്ദേഹത്തിന്റെ വാദങ്ങൾക്കു ഞാൻ എഴുതുന്ന മറുപടികൾ കൂടെ താങ്കളുടെ പത്രത്തിൽ പ്രസിദ്ധീകരിക്കണമെന്നു എനിക്കപേക്ഷയുണ്ടു്. സത്യം വെളിപ്പെടുത്തുക എന്നതു നമ്മുടെ എല്ലാവരുടെയും ഉദ്ദേശമായിരിക്കേണ്ടതാണു്. എനിക്കതല്ലാതെ മറ്റൊരുദ്ദേശവുമില്ല. ഒരു സംഗതിയെ സംബന്ധിച്ചുള്ള രണ്ടുവശവും ശരിയായി വ്യവഹരിക്കുന്ന ഉപന്യാസങ്ങൾ സത്യത്തെ പ്രകാശിപ്പിക്കുന്നതിനു എത്രയും ഫലപ്രദമായ മുഖാന്തരമാണു്. മി. ചാക്കൊ എഴുതുന്നതു മാത്രമെ റോമൻകത്തോലിക്കർ കാണാവൂ എന്നും എന്റെ വാദം എന്താകുന്നു എന്നു അവർ അറിയുന്നതു ദോഷമാണെന്നും നിങ്ങൾ വിചാരിക്കുന്നപക്ഷം നിങ്ങളുടെഭാഗം ബലഹീനമാണെന്നു നിങ്ങൾക്കു ബോധമുണ്ടെന്നു തീരുമാനിക്കാതിരിക്കാൻ നിവൃത്തിയില്ല. റവ; ഫാദർ നടുവത്തുശേരി എന്റെ പുസ്തകത്തെപ്പറ്റി എഴുതിയ വിമർശനങ്ങൾ എന്റെ മറുപടികളോടുകൂടെ ഞാൻ പുസ്തകമായി പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നുള്ളതു നിങ്ങൾക്കറിയാ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY of INDIA



യച്ചുകൊടുക്കണമെന്നു ഞാൻ മാനേജരോടു അപേക്ഷിക്കയും അദ്ദേഹം അപ്രകാരം ചെയ്കയും ചെയ്തു. അങ്ങനെ അയച്ചുകൊടുത്തു എന്നു മി. ചാക്കോ എഴുതിയിട്ടും ഉണ്ട്. പിന്നീടു മി: ചാക്കോയുടെ ലഘുലേഖയുടെ നിരൂപണമായിട്ടു മററും ഞാൻ പ്രസിദ്ധപ്പെടുത്തിയ ആക്ഷേപങ്ങളും പ്രത്യുത്തരങ്ങളും രണ്ടാം ഭാഗവും അദ്ദേഹത്തിനു ഞാൻ അയച്ചുകൊടുത്തു. എന്നിട്ടും അദ്ദേഹത്തിൻെറ ലേഖനങ്ങൾ അടങ്ങിയ പത്രമൊ ലഘുലേഖയോ എനിക്കു അയച്ചു തന്നില്ല. ഇദ്ദേഹം മാത്രമല്ല റോമൻകത്തോലിക്കർ മിക്കവാറും ഇങ്ങനെയാണു ചെയ്തു. മിക്കവാറും എന്നു പറഞ്ഞതു ഫാദർ നടുവത്തുശേരി ഒരു ലഘുലേഖ പ്രസിദ്ധപ്പെടുത്തിയതു എനിക്കു അയച്ചു തന്നിട്ടുള്ളതുകൊണ്ടാണ്. അദ്ദേഹവും പത്രത്തിൽ എഴുതിയതു ഒന്നും എനിക്കയച്ചിട്ടില്ല. റോമൻ കത്തോലിക്കർ എനിക്കു മറുപടി എഴുതുന്നതു അതു ഞാൻ കാണാൻ ഇടയാകരുതെ എന്നു പ്രാർത്ഥിച്ചുകൊണ്ടാണെന്നുതോന്നുന്നു. മാറാത്തിൽ കുഴൻ കത്തനാർ അവർകൾ ഏതോ ഒരു പുസ്തകം എഴുതിയിട്ടുണ്ടെന്നും അതിൽ ചില ചോദ്യങ്ങൾ എന്നോടു ചോദിച്ചിട്ടുണ്ടെന്നും ആരോ പറയുന്നതു കേട്ടു. ആ പുസ്തകം ഞാൻ അന്വേഷിച്ചു. ഇതുവരെയും കാണ്മാൻ സാധിച്ചില്ല. പുസ്തകത്തിൻെറ പേരും അറിഞ്ഞുകൂടാ. എന്നോടുള്ള ചോദ്യം എനിക്കയച്ചു തരാതിരിക്കുന്നതിൽ പ്രദർശിപ്പിച്ചിരിക്കുന്ന ബുദ്ധി ഒന്നു പ്രത്യേകം തന്നെ. ഇതെല്ലാംകൊണ്ടും റോമൻ കത്തോലിക്കർക്കു അവരുടെ നിലയുടെ ബലഹീനതയെപററി ബോധമുണ്ടെന്നും സാധുക്കളെ മെരുട്ടാനായി ചില തട്ടാമുട്ടികൾ എഴുതി മഷി പുരട്ടിക്കളയണമെന്നല്ലാതെ മററൊന്നും ഉദ്ദേശമില്ലെന്നും സ്പഷ്ടമാകുന്നുണ്ട്.

മി. ചാക്കോയുടെ ഒന്നാം ലഘുലേഖയെപററിയുള്ള എൻെറ വിമർശനം "ആക്ഷേപങ്ങളും പ്രത്യുത്തരങ്ങളും" രണ്ടാം ഭാഗം [illegible] പുറങ്ങളിൽ കൊടുത്തിരിക്കുന്നതു വായനക്കാരിൽ പലരും വായിച്ചിരിക്കുമല്ലൊ. ആ വിമർശനങ്ങൾക്കു യാതൊരു മറുപടിയും പറയാതെ "ആക്ഷേപങ്ങളും പ്രത്യുത്തരങ്ങളും" ഒന്നാംഭാഗം "പാപ്പായുടെ ആധിപത്യം" എന്നീ പുസ്തകങ്ങളിൽ അങ്ങുമിങ്ങും നിന്നു ചില സംഗതികൾ എടുത്തു നിരൂപണം ചെയ്തു മി. ചാക്കൊ രണ്ടാമതു ഒരു ലഘുപത്രിക പുറപ്പെടുവിച്ചിരിക്കുന്നു. വാദത്തിനു പുറപ്പെടുന്നപക്ഷം മുറയ്ക്കു വാദിക്കണം. വല്ലതും ഒന്നെഴുതുക, അതിനു മറുപടികിട്ടുമ്പോൾ ആ വാദം വിട്ടോടിക്കളക, പിന്നെ വേറൊന്നു എഴുതുക, അതിനും കി

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



ട്ടുന്നതു വാങ്ങിച്ചുകൊണ്ടു് ഓട്ടുക, ഈ ഏറ്റുപാട്ടു യോഗ്യമല്ല. മി. ചാക്കോയുടെ ഒരു വാദത്തെപ്പററി ഞാൻ താഴെവരുന്നപ്രകാരം പ്രസ്താവിച്ചിരുന്നു:—"ഇത്ര സൎവ്വാബദ്ധമായ ഒരു വാദം ഭൂലോകസമക്ഷം അവതരിപ്പിക്കാൻ തുനിഞ്ഞതിൽ മി. ചാക്കൊ തന്റെ ആത്മാഭിമാനത്തേയും മനസ്സാക്ഷിയേയും എത്രമാത്രം നിസ്സാരമാക്കികളഞ്ഞു എന്നു് ഓൎക്കുമ്പോൾ എനിക്കു വളരെ മനസ്താപമുണ്ടു്." [ആ. പ്ര. ൨-ാംഭാഗം പു. ൫൪.] ആ വാദം എന്താണെന്നു മനസ്സിലാകുന്നതിനു ൫൧-൫൪ പുറങ്ങൾ വായിച്ചാൽ മതിയാകുന്നതാണു്. ഇങ്ങനെ മി. ചാക്കൊയുടെ വാദങ്ങളുടെ സ്വഭാവം ഞാൻ വിശദമാക്കിയാറെ അതിനെപ്പററി മിണ്ടാതെ മററു ചില സംഗതികളെപ്പററി എഴുതാൻ മി. ചാക്കൊയിക്കു ധൈൎയ്യമുണ്ടായതു് അത്യാശ്ചൎയ്യമെന്നെ പറയേണ്ടതുള്ളു.

### ഒന്നാമത്തെ ആക്ഷേപം.

മി. ഐ. സി. ചാക്കോയുടെ ഈ രണ്ടാം ലഘുലേഖയിലെ വാദങ്ങൾ നമുക്കു ഒന്നു പരിശോധിക്കാം. ജെറോമിന്റെ ഏതാനം വാക്കുകൾ ഞാൻ ഉദ്ധരിച്ചപ്പോൾ അതിനു താഴെയുള്ള ഏതാനും വാക്കുകൾ ഞാൻ വിട്ടതു വഞ്ചന ആണെന്നുള്ള മി. ചാക്കോയുടെ വാദത്തിനു ഞാൻ മറുപടി കൊടുത്തതിനെപ്പററി മിണ്ടാതെ അതിനെപ്പററി അദ്ദേഹം ഒരു സംഗതിപറയുന്നതു കേൾക്കണം:—"വി. ഈറാനിമോസിന്റെ [ജെറോമിന്റെ] അഭിപ്രായത്തിന്റെ പ്രസ്തുത ഭാഗം ഉണ്ടെന്നുള്ളതു മി. ഡാനിയൽ അറിഞ്ഞിരുന്നു. അതുകൊണ്ടു് ആ ഭാഗം വിട്ടുകളഞ്ഞതു മനഃപൂൎവ്വവും തൻമൂലം വഞ്ചനയുമായിരിക്കണം. ഇതാണു് ബ: നടുവത്തുശേരിലച്ചന്റെ യുക്തി. ഈ യുക്തി വളരെ ദൃഢവുമാണു്. സത്യത്തെക്കുറിച്ചു സ്വല്പമെങ്കിലും ബഹുമാനമുള്ളവർ ഈ യുക്തിയെ ഖണ്ഡിക്കാൻ ഒരുമ്പെടുകയില്ലായിരുന്നു. എന്നാൽ മി. ഡാനിയൽ ചെയ്യുന്നതു് എന്താണെന്നു നോക്കാം. പിന്നാലെ ഉള്ള വാക്യങ്ങൾകൂടെ ചേൎന്നെങ്കിലെ അവയിൽ അടങ്ങിയിരിക്കുന്ന ഉപദേശം പൂൎണ്ണമാകയുള്ളു എന്നു റൈഡർ പറയുന്നതിൽ നിന്നു ആ വാക്യങ്ങൾ ലിററിൽഡെയിൽ ഉദ്ധരിച്ചിട്ടില്ലെന്നു ഫാദർ നടുവത്തുശേരി തീരുമാനിച്ചു. ഈതരം ന്യായശാസ്ത്രത്തെപ്പററി എനിക്കു ഒരറിവും ഇല്ലെന്നു ഏററുപറയാതെ നിവൃത്തിയില്ല.............................' (ആക്ഷേപങ്ങളും പ്രത്യുത്തരങ്ങളും പു. ൭൦) എന്നു മി: ഡാനിയൽ പറയുന്നു. ഒ മി: ഡാനിയൽ! ബുദ്ധിയെ ഇങ്ങനെ വ്യഭിചരിപ്പിക്കുവാൻ നിങ്ങ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY of INDIA



ട്ടുന്നതു വാങ്ങിച്ചുകൊണ്ടു് ഓടുക, ഈ ഏറ്റപ്പാടു യോഗ്യമല്ല. മി. ചാക്കോയുടെ ഒരു വാദത്തെപററി ഞാൻ താഴെവരുന്നപ്രകാരം പ്രസ്താവിച്ചിരുന്നു:—"ഇത്ര സത്വാബദ്ധമായ ഒരു വാദം ത്രൈലോകസമക്ഷം അവതരിപ്പിക്കാൻ തുനിഞ്ഞതിൽ മി. ചാക്കൊ തന്റെ ആത്മാഭിമാനത്തേയും മനസ്സാക്ഷിയേയും എത്രമാത്രം നിസ്സാരമാക്കികളഞ്ഞു എന്നു് ഓക്കുമ്പോൾ എനിക്കു വളരെ മനസ്താപമുണ്ടു്." [ആ. പ്ര. ൨-ാംഭാഗം പു. ൩൪.] ആ വാദം എന്താണെന്നു മനസ്സിലാകുന്നതിനു ൩൫-൩൪ പുറങ്ങൾ വായിച്ചാൽ മതിയാകുന്നതാണു്. ഇങ്ങനെ മി. ചാക്കൊയുടെ വാദങ്ങളുടെ സ്വഭാവം ഞാൻ വിശദമാക്കിയാറെ അതിനെപ്പററി മിണ്ടാതെ മററു ചില സംഗതികളെപററി എഴുതാൻ മി. ചാക്കൊയിക്കു ധൈര്യമുണ്ടായതു് അത്യാശ്ചര്യമെന്നെ പറയേണ്ടതുള്ളു.

## ഒന്നാമത്തെ ആക്ഷേപം.

മി. ഐ. സി. ചാക്കോയുടെ ഈ രണ്ടാം ലഘുലേഖയിലെ വാദങ്ങൾ നമുക്കു ഒന്നു പരിശോധിക്കാം. ജെറോമിന്റെ ഏതാനം വാക്കുകൾ ഞാൻ ഉദ്ധരിച്ചപ്പോൾ അതിനു താഴെയുള്ള ഏതാനും വാക്കുകൾ ഞാൻ വിട്ടതു വഞ്ചന ആണെന്നുള്ള മി. ചാക്കോയുടെ വാദത്തിനു ഞാൻ മറുപടി കൊടുത്തതിനെപററി മിണ്ടാതെ അതിനെപററി അദ്ദേഹം ഒരു സംഗതിപറയുന്നതു കേൾക്കണം:—"വി. ഈറാനിമോസിന്റെ [ജെറോമിന്റെ] അഭിപ്രായത്തിന്റെ പ്രസ്തുത ഭാഗം ഉണ്ടെന്നുള്ളതു മി. ഡാനിയൽ അറിഞ്ഞിരുന്നു. അതുകൊണ്ടു് ആ ഭാഗം വിട്ടുകളഞ്ഞതു മനഃപൂർവ്വവും തൻമൂലം വഞ്ചനയുമായിരിക്കണം. ഇതാണു് ബ: നടുവത്തുശേരിലച്ചന്റെ യുക്തി. ഈ യുക്തി വളരെ ദൃഢവുമാണു്. സത്യത്തെക്കുറിച്ചു സ്വല്പമെങ്കിലും ബഹുമാനമുള്ളവർ ഈ യുക്തിയെ ഖണ്ഡിക്കാൻ ഒരുമ്പെടുകയില്ലായിരുന്നു. എന്നാൽ മി. ഡാനിയൽ ചെയ്യുന്നതു് എന്താണെന്നു നോക്കാം. പിന്നാലെ ഉള്ള വാക്യങ്ങൾകൂടെ ചേന്നെങ്കിലെ അവയിൽ അടങ്ങിയിരിക്കുന്ന ഉപദേശം പൂർണ്ണമാകയുള്ളു എന്നു റൈഡർ പറയുന്നതിൽ നിന്നു ആ വാക്യങ്ങൾ ലിററിൽഡെയിൽ ഉദ്ധരിച്ചിട്ടില്ലെന്നു ഫാദർ നടുവത്തുശേരി തീരുമാനിച്ചു. ഈതരം ന്യായശാസ്ത്രത്തെപ്പററി എനിക്കു ഒററിവും ഇല്ലെന്നു ഏററുപറയാതെ നിവൃത്തിയില്ല.................................' (ആക്ഷേപങ്ങളും പ്രത്യുത്തരങ്ങളും പു. ൫൦) എന്നു മി: ഡാനിയൽ പറയുന്നു. ഒ മി: ഡാനിയൽ! ബുദ്ധിയെ ഇങ്ങനെ വ്യഭിചരിപ്പിക്കുവാൻ നിങ്ങ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY of INDIA



ടുക്കു കഴിയുമല്ലോ. നിങ്ങളുടെ കൃതികൾ വായിക്കുന്നവരെല്ലാം ബുദ്ധിഹീനന്മാരെന്നാണോ നിങ്ങളുടെ ഭാവം! ഇവിടത്തെ സാക്ഷാൽ വാദമുഖമെന്താണ്? വി: ഈറാനിമോസിന്റെ അഭിപ്രായത്തിൽ നിന്നും താൻ വിട്ടുകളഞ്ഞ ഭാഗം ഉള്ളതായിട്ട് മി: ഡാനിയലിനു അറിയാമായിരുന്നൊ എന്നുള്ളതാണ്. ആ ഭാഗം ലിററിൽഡെയിലിൽ ഉണ്ടൊ ഇല്ലയൊ എന്നുള്ളതല്ല. എന്നാൽ ലിററിൽഡെയിലിൽ ആ ഭാഗം ഉണ്ടെന്നു തെളിയിക്കാനാണു മി: ഡാനിയൽ ശ്രമിക്കുന്നതു്" [പു. ൧൨,൪]

മറുപടി.

ജെറോമിന്റെ വാക്കുകൾ ഞാൻ പകൎത്തിയപ്പോൾ ചേൎക്കാതിരുന്നതും ചേൎക്കേണ്ടതാണെന്നു ഫാദർ നടുവത്തുശേരി മുതൽപേർ തൎക്കിക്കുന്നതുമായ ഭാഗം ഞാൻ അറിയാതെ വിട്ടുപോയതാണോ അറിഞ്ഞുകൊണ്ടു വിട്ടതാണോ എന്നാണു വാദമുഖം എന്നു മി: ചാക്കൊ പറയുന്നു. ഇതു കാണാഞ്ഞതുകൊണ്ടാണ് വിട്ടുപോയതെന്നു ഞാൻ തൎക്കിക്കയില്ലെന്നു മനസ്സിലാക്കാൻ വേണ്ട ബുദ്ധി നടുവത്തുശേരിലച്ചനുണ്ടായിരുന്നതുകൊണ്ടു അദ്ദേഹം അതിനു പത്രസ്ഥലം മിനക്കെടുത്തിയിട്ടില്ല. ജെറോമിന്റെവാക്കുകൾ ഞാൻ റൈഡറിന്റെ പുസ്തകം ൨൨-ാം പുറത്തുനിന്നാണു പകൎത്തിയതു എന്നു പറഞ്ഞിട്ടുള്ള സ്ഥിതിക്കു ഇതിനു് ഏതാനും വരി താഴെ ഉള്ള വാചകങ്ങൾ കണ്ടില്ലെന്നു ഞാൻ വാദിക്കയില്ലെന്നു അദ്ദേഹത്തിനറിയാമായിരുന്നു. അതുകൊണ്ടു അങ്ങനെ ഒരു വാദമുഖമേയില്ല.

എന്നാൽ എന്റെ പുസ്തകത്തിൽനിന്നു മി: ചാക്കൊ ഉദ്ധരിക്കുന്ന ഭാഗത്തെ വാദവിഷയമെന്താണെന്നു മനസ്സിലാക്കുന്നതിനു അതിനുപുറകിലെ പുറംനോക്കിയാൽ മതിയാകുന്നതാണ്. ൪൯-ാം പുറത്തു നിന്നു ഏതാനും വാക്കുകൾ ഉദ്ധരിക്കട്ടെ. "ഒന്നാംവ്യസ്ഥാനത്തിൽ നാലുപോയിന്റാണുള്ളതു്. അവ ഓരോന്നു സംബന്ധിച്ചുള്ള വാദപ്രതിവാദങ്ങൾ നോക്കാം. ഒന്നാമത്തെ പോയിന്റു ജെറോമിന്റെ വാചകങ്ങൾ പകൎത്തിയതിൽ ലിററിൽഡെയിൽ കൃത്രിമം ചെയ്തതായി റൈഡർ പറഞ്ഞിട്ടുണ്ടൊ എന്നുള്ളതാണ്"

അപ്രധാനമെങ്കിലും ഇങ്ങനെയും ഒരു വാദമുഖം ഉണ്ടായിരുന്നു എന്നുള്ളതിനു ഫാദർ നടുവത്തുശേരിക്കു തൎക്കമില്ല.

എന്നാൽ തൎക്കപ്പെട്ട ഭാഗം വിട്ടതു വഞ്ചന ആണെന്നുള്ള ഫാദറിന്റെ വാദം നാലാമത്തെ പോയന്റാണ്. അതു സംബന്ധിച്ചുള്ള വാദപ്രതിവാദത്തിനു "ആക്ഷേപങ്ങളും പ്രത്യുത്തരങ്ങ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS

www.TheCMSIndia.org